(സി) 1962-63-ൽ ആദ്യത്തെ 6 മാസത്തെ ചെലവ് എത്ര ശതമാനമായിരുന്നു ;

(ഡി) ഓരോ ഇനത്തിലും 1963 സെപ്റ്റംബർ 30-ാം തീയതിവരെയുള്ള ചെലവ് എത്ര ശതമാനം വീതമാണ്?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) സംസ്ഥാന പദ്ധതികൾക്കായി 32·88 കോടി രൂപയും, കേന്ദ്ര പദ്ധതികൾക്കായി 5·05 കോടി രൂപയും ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. 5·05 കോടി രൂപയിൽ സംസ്ഥാനത്തിന്റെ വിഹിതവും ഉൾപ്പെടുന്നു.

(ബി) സ്റ്റേറ്റ് പ്ലാനിൽനിന്നു 981·67 ലക്ഷം രൂപയും കേന്ദ്രപദ്ധതികൾക്കായി നീക്കിവച്ചിട്ടുള്ള തുകയിൽനിന്നു 103·27 ലക്ഷം രൂപയും ചെലവായി. ഇതു യഥാക്രമം 29·9 ശതമാനവും 20·4 ശതമാനവുമാകുന്നു.

(സി) സംസ്ഥാന പദ്ധതികൾക്കുള്ള ചെലവ് 29·9 ശതമാനവും കേന്ദ്രപദ്ധതികൾക്കു നീക്കിവച്ചിട്ടുള്ള തുകയിൽനിന്നുള്ള ചെലവ് 13·0 ശതമാനവുമായിരുന്നു.

(ഡി) വിശദവിവരങ്ങളടങ്ങിയ ഒരു സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.*

വാടകക്കെട്ടിടങ്ങളിൽ നടത്തുന്ന സ്കൂളുകൾ

* 845. [16] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വന്തം കെട്ടിടം ദുർബലമാണെന്നുള്ള കാരണത്താൽ എത്ര പ്രൈമറി-അപ്പർ പ്രൈമറി സ്കൂളുകൾ വാടകക്കെട്ടിടങ്ങളിലോ—പ്രൈവറ്റ് കെട്ടിടങ്ങളിലോ ഇപ്പോൾ നടത്തുന്നുണ്ട് ;

(ബി) ഒരു സ്വന്തം കെട്ടിടം ദുർബലമാണെന്നു കണ്ട് അവിടെനിന്നും മാറ്റിയാൽ പഴയ കെട്ടിടം ലേലംചെയ്തു പൊളിച്ചുമാറ്റാൻ ഉടനടി നടപടി എടുക്കാത്തതുകൊണ്ട് പല കെട്ടിടങ്ങളും ജീർണ്ണിച്ചു നശിച്ചുപോകുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) കുളത്തൂർ എൽ. പി. എസ്. ൽനിന്നും ക്ലാസ്സുകൾ മാറ്റിയത് എന്നാണ് ;

(ഡി) ആ സ്കൂളിന്റെ പഴയ കെട്ടിടം പൊളിച്ചുമാറ്റിയത് എന്നാണ്?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

വിവരങ്ങൾ ശേഖരിച്ചുവരുന്നു.

കൂട്ടനാട്ടിലെ നികുത്തുഭൂമികൾ

* 846. [17] ശ്രീ. തോമസ് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടരെയുള്ള മോട്ടോർബോട്ടുകളുടെ ഗതാഗതംകൊണ്ട് കൂട്ടനാട്ടിലുള്ള നികുത്തുഭൂമികൾ ഇടിഞ്ഞു നശിച്ചുപോകുന്ന വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) വെള്ളപ്പൊക്കകാലങ്ങളിൽ ഈവകഭൂമികൾ കൃതലായി ഇടിഞ്ഞു നശിച്ചുപോകുന്നു എന്നുള്ള കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

* Placed in the library.

LIBRARY ARCHIVES Kerala Legislative Assembly

(സി) മുട്ടാർ വില്ലേജിലുള്ള കോടിക്കവളവും, തലവടി, കോയിൽമുക്ക വില്ലേജുകളിലുള്ള മറ്റു സ്ഥലങ്ങളും ഇങ്ങനെ മോട്ടോർബോട്ടുകളുടെ തുടരെയുള്ള ഗതാഗതംകൊണ്ടും, വെള്ളപ്പൊക്കംകൊണ്ടും ഇടിഞ്ഞുനശിച്ചുപോകുന്നുവെന്നുള്ള വിവരത്തിനു ഗവണ്മെൻറിനു നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) ഇതുസംബന്ധിച്ചു് ഗവണ്മെൻറു് എന്തു നടപടികളും കൈക്കൊണ്ടിട്ടുണ്ടു്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) ഉണ്ടു്.

(ബി) ഉണ്ടു്.

(സി) ലഭിച്ചിട്ടുണ്ടു്.

(ഡി) കഴിഞ്ഞവർഷം കുറേ അറ്റകുറ്റപ്പണികളും ചെയ്യുകയുണ്ടായി. കൂടാതെ കോടിക്കൽ വളവിലും തുരോവിൽ ക്ഷേത്രത്തിൻറെ അടുക്കലും വേണ്ട സംരക്ഷണ പണികളുക്കു് എസ്റ്റിമേറുകളും തയ്യാറാക്കീട്ടുണ്ടു്. അവ പരിശോധനയിലിരിക്കയാണു്.

ശ്രീ. തോമസു് ജാൺ: ഇനിയൊരു വെള്ളപ്പൊക്കം ഉണ്ടായാൽ ആ വില്ലേജുതന്നെ നശിച്ചുപോകുമെന്നുള്ളതുകൊണ്ടു് അടുത്ത വെള്ളപ്പൊക്കത്തിനു മുൻപു് വേണ്ട സംരക്ഷണ നടപടികളും നടത്തുമോ?

ശ്രീ. പി. പി. ഉമ്മർകോയ: ഇപ്പോൾ ഉദ്ദേശിച്ച വർക്കുകളും ഉടനെ നടത്തുന്നതായിരിക്കും.

ശ്രീ. മാലേത്തുഗോപിനാഥപിള്ള: തലവടിയിലുള്ള തുരോവിൽ ക്ഷേത്രം എല്ലാ വെള്ളപ്പൊക്കത്തിനും വെള്ളത്തിനടിയിലാകുന്നുണ്ടു്. അനവധി മരണവും അവിടെ വെള്ളപ്പൊക്കംമൂലം ഉണ്ടാകും. അതുകൊണ്ടു് ആ ഭാഗത്തുകൂടി ആവശ്യമായ സംരക്ഷണനടപടി നടത്തുമോ?

ശ്രീ. പി. പി. ഉമ്മർകോയ: കുട്ടനാട്ടിൻറെ പലഭാഗത്തും വെള്ളപ്പൊക്ക നിവാരണത്തിനുള്ള നടപടി എടുക്കേണ്ടതുണ്ടു്. ധനസ്ഥിതി അനുസരിച്ചു് കുറച്ചു വർക്കുമാത്രമേ ഇപ്പോൾ എടുക്കുന്നുള്ളു. കഴിയുന്നതും വേഗം കൂടുതൽ വർക്കു നടത്താൻ ഗവണ്മെൻറു് ശ്രമിക്കുന്നതാണു്.

സിമൻറു് കരിഞ്ചന്ത വിൽപ്പന.

* 847. [18] ശ്രീ. കെ. അവുക്കാദർകുട്ടിനഹ: താഴെ കാണുന്ന ചോദ്യത്തിനു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സിമൻറു കരിഞ്ചന്ത വിൽപ്പന തടയുന്നതിനായി എന്തെല്ലാം നടപടികളാണു് ഗവണ്മെൻറു കൈക്കൊണ്ടിട്ടുള്ളതു്?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

1. കേരള ഗവണ്മെൻറിൻറെ 1961—ലെ സിമൻറു നിയന്ത്രണ ഉത്തരവനുസരിച്ചു സംസ്ഥാന സിമൻറു കൺട്രോളറിൽ നിന്നും ലൈസൻസു് ലഭിച്ച വ്യാപാരികൾക്കു മാത്രമേ സിമൻറു വിതരണം നടത്താൻ പാടുള്ളൂ.

2. ഓരോ സിമൻറു വ്യാപാരിക്കും കിട്ടുന്ന സിമൻറിൻറെ പത്തു ശതമാനം പെർമിറ്റു ഇല്ലാതെ വിതരണം നടത്താമെന്നു വ്യവസ്ഥയുണ്ടു്. എന്നാൽ ഇങ്ങനെ വിതരണം ചെയ്യുന്നതു് എട്ടു ചാക്കോ, അതിൽ കുറവോ ആവശ്യമുള്ള യഥാർത്ഥ ഉപഭോക്താക്കൾക്കു മാത്രമേ ആകാവൂ എന്നും നിശ്ചയമുണ്ടു്. മേൽപറഞ്ഞ അളവിൽ കൂടുതൽ സിമൻറു ആവശ്യമുള്ളവർക്കു പെർമിറ്റു നൽകാൻ അധികാരമുള്ള ഉദ്യോഗസ്ഥന്മാരിൽ നിന്നും ആവശ്യമുള്ളതു അളവിനു പെർമിറ്റു വാങ്ങിയതിനുശേഷം മാത്രമേ വിതരണം നടത്താൻ പാടുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly